(സി) ബി. ഫാർമസി വിദ്യാർത്ഥികളും മെഡിക്കൽ കോളേജിൽ അദ്ധ്യയനത്തിനായി ഈ വർഷാരംഭത്തിൽ മാത്രം വന്നുചേരുന്നതും ഇതുവരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിന്റെ ആവശ്യം ഇല്ലാത്തതുമാകുന്നു. അദ്ധ്യയനം കാര്യക്ഷമമായി നടക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. അദ്ധ്യയനം ആദ്യത്തെ രണ്ട് സംവൽസരം യൂണിവേഴ്സിറ്റി കോളേജിലും എൻജിനിയറിംഗ് കോളേജിലും ആണ് നടക്കുന്നത്.

(ഡി) ഈ കോഴ്സിന് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറും അദ്ധ്യക്ഷനും താമസിയാതെ ഉണ്ടാകുന്നതാകുന്നു.

ADJOURNMENT MOTIONS

Police excesses on agricultural labourers at Thazhakkara in Mavelikara.

മി. സ്പീക്കർ: മാവേലിക്കര താലൂക്കിലെ തഴക്കര എന്ന സ്ഥലത്ത ഈ മാസം 10–ാം തീയതി കർഷകത്തൊഴിലാളികളെ ലാത്തിച്ചാർജ് 9 a.m. ചെയ്യുകയും അവരിൽ 79 പേരെ അറസ്റ്റു ചെയ്യുകയും രാത്രികാലങ്ങളിൽ അവരുടെ വീട്സർച്ച് ചെയ്യുകയും സ്ത്രീ പുരുഷൻമാരെ മർദ്ദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനെ തുടർന്ന് ഉണ്ടായിരിക്കുന്ന ഗുരുതരാവസ്തയെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഈ നിയമസഭയുടെ ഇന്നത്തെ നടപടികളം നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞച്ചൻ റൂൾ 49 അനുസരിച്ച് ഒരുനോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): ഇതിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് ഞാൻ അടുത്ത ദിവസം പ്രസ്താവിക്കാം.

CALLING ATTENTION UNDER RULE 61

Strike by the Employees of the Woodlands Hotel in Ernakulam.

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ എറണാകുളം വുഡ് ലാൻഡ്സ് ഹോട്ടലിൽ നടക്കുന്ന പണിമുടക്ക് സമരത്തെ സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം തന്നിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതാണ്ട് രണ്ടു മാസത്തിൽ കൂടുതലായി നടന്നുവരുന്ന ഒരു പണിമുടക്കിനെ സംബന്ധിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാനുദ്ദേശിക്കുന്നത്. 12–10–1969 മുതൽ പണിമുടക്കുകയും തലേനാൾ മുതൽക്ക് ഹോട്ടൽ പൂട്ടിയിട്ടതിനേയും പേരിലുള്ള പ്രശ്നമാണ് എറണാകുളത്ത് നടക്കുന്നത്. ഏതാണ്ട് മൂന്ന് നാലായിരം രൂപാ പ്രതിദിനം പിരിവുള്ള കേരളത്തിലെ പ്രധാനപ്പെട്ട വുഡ് ലാൻഡ്സ് ഹോട്ടലിലാണ് ഈ സമരം നടക്കുന്നത്. ന്യായമായി തൊഴിലാളികളം കൂലിക്കൂടുതലടക്കമുള്ള ആവശ്യങ്ങളം നേടിയെടുക്കാൻ മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ കൂടിയാലോചന നടക്കുന്നതിന് മുൻപ് തന്നെ തൊഴിലാളികളെ പിരിച്ചു വിടുകയും ചെയ്തതിനുശേഷം ഉണ്ടായതാണ് ഈ സമരം. ന്യായമായ ഈ സമരം ആരംഭിച്ചശേഷം ഡി. എൽ. ഒ. ഒരു പ്രാവശ്യവും ലേബർ കമ്മീഷണർ മറെറാരു പ്രാവശ്യവും കാൺഫറൻസ് വിളിച്ചു. ഈ കോൺഫറൻസുകളിലൊന്നും ഹോട്ടലുടമ ഹാജരായില്ല. വക്കീലിനെ പറ

LIBRARY ARCHIVES Kerala Legislative Assembly